# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1899    10.03.2020 ൽ മറുപടിയ്ക്ക്

## ഷെൽട്ടർ ഹോമിനുള്ള സാമ്പത്തിക ഗ്രാന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയും താമസിപ്പിക്കുവാനായി സാമൂഹ്യ നീതി വകുപ്പ് സാമൂഹ്യക്ഷേമ ബോർഡ് മുഖാന്തിരം കേരളത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ വഴി തുടങ്ങിയ ഷെൽട്ടർ ഹോം അഥവാ അഭയകേന്ദ്രത്തിന് 2016-2017 സാമ്പത്തിക വർഷത്തെ ഗ്രാന്റ് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗ്രാന്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | 2016-17 സാമ്പത്തിക വർഷം ഷെൽട്ടർ ഹോമുകൾക്ക് അനുവദിച്ച 92,33,100/- രൂപയിൽ ആദ്യ രണ്ട് ഗഡുക്കളിൽ അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച 1,53,992/- രൂപ കുറച്ച് 90,79,108/- രൂപ മൂന്ന് ഗഡുക്കളായി സാമൂഹ്യ ക്ഷേമ ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. സാമൂഹ്യ ക്ഷേമ ബോർഡ് അധികമായി ആവശ്യപ്പെട്ട കുടിശ്ശികയുടെ കണക്ക് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | മേൽ പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷത്തെ അനുമതിയും ഗ്രാന്റും ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ? | (ബി) | കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന് 2019-20 സാമ്പത്തിക വർഷം നൽകുവാനുള്ള 1,83,73,582/- രൂപയുടെ 50% തുകയായ 91,86,791/- രൂപ ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.